DESPATCHED On...22/2/2020

14/01/2020


സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic@kerala.nic.in


ഹർജി നമ്പർ **AP.No. 1105(5)/18/SIC**

തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

**File No. 4815/SIC-G7/2018**

സന്നിഹിത

**ശ്രീമതി ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. പി.എസ്. ചന്ദ്രദാസ്,**
**ശ്രേയസ്സ്,**
**ഇലഞ്ഞിമേൽ പി.ഒ., ചെങ്ങന്നൂർ,**
**ആലപ്പുഴ – 689 511.** } **അപ്പീൽ ഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്ത്താൽമോളജി,**
**തിരുവനന്തപുരം.**

**അപ്പീൽ അധികാരി,**
**റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്ത്താൽമോളജി,**
**തിരുവനന്തപുരം.** } **എതിർകക്ഷികൾ**

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 01.01.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 29.01.2018 |
| ഒന്നാം അപ്പീൽ | 05.02.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | ......... |
| രണ്ടാം അപ്പീൽ | 04.05.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 29.04.2019, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, ആലപ്പുഴ |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നില്ല |

1. അപ്പീൽ ഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലൂടെ ആവശ്യപ്പെട്ടത്, തിരുവനന്തപുരം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്ത്താൽമോളജി ആശുപത്രിയിൽ കിടത്തി ചികിത്സക്കു വിധേയരായി, ചികിത്സ തുടർന്നു വന്നവരിൽ മുമ്പിനാലെ പ്രവേശിപ്പിച്ച് 2016 മെയ് 24 –ാം തീയതിയിലും കിടപ്പു രോഗി യായി ചികിത്സ തുടരുന്നവരുടെ പേരു വിവരം, ഇൻപേഷ്യന്റ് രജിസ്റ്റർ നമ്പർ എന്നിവ ലഭ്യമാക്ക ണമെന്നാണ്.

2. പ്രസ്തുത വിവരാവകാശ അപേക്ഷയ്ക്ക് രോഗിയുടെ പേരുവിവരം വ്യക്തിഗത സ്വകാര്യതയുമായി ബന്ധപ്പെട്ടതായതിനാൽ നിയമം 8 (1) (ജെ) പ്രകാരം ഒന്നാം എതിർകക്ഷിയിൽ നിരസിച്ചുകെണ്ട് മറുപടി നൽകുകയുണ്ടായി.

3. ഒന്നാം എതിർകക്ഷിയുടെ മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽ ഹർജിക്കാരൻ ഒന്നാം അപ്പീൽ സമർപ്പിച്ചു. ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും വിവരം ലഭ്യമാകാത്തതിനെ തുടർന്ന് ടിയാൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു.

4. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ 05.10.2018 തീയതി രണ്ടാം എതിർകക്ഷി യോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. 29.10.2018 തീയതി അപ്പീൽ അധികാരി സമർപ്പിച്ച റിപ്പോർട്ടിൽ അറിയിക്കുന്നത്, ടിയാൻ 01.01.2018 ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 29.01.2018 ന് എസ്.പി.ഐ.ഒ മറുപടി നൽകിയതായും എന്നാൽ 05.02.2018 ൽ സമർപ്പിച്ചു എന്ന് അവകാശ പ്പെടുന്ന ഒന്നാം അപ്പീൽ പ്രസ്തുത സ്ഥാപനത്തിൽ ലഭിച്ചിട്ടില്ല എന്നാണ്.

5. തുടർന്ന് കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർ വിചാരണയ്ക്ക് ഹാജരായ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. മേപ്പടി അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് സമർപ്പിച്ച റിപ്പോർട്ടിൽ അറിയിക്കുന്നത് 30.10.2017 ലെ അപേക്ഷയ്ക്കുള്ള മറുപടി 01.12.2017 ൽ നൽകിയ തായും 2016 മെയ് മാസം 24 –ാം തീയതി ടി ആശുപത്രിയിൽ ചികിത്സയ്ക്കായി പ്രവേശിപ്പിച്ചിരുന്ന രോഗികളുടെ എണ്ണം, പേരുവിവരം, വയസ്സ് എന്നീ വിവരങ്ങൾ നൽകിയിട്ടുണ്ട് എന്നും കമ്മീഷ നിൽ നിന്നും നേർവിചാരണയ്ക്ക് ഹാജരാകാൻ നിർദ്ദേശം നൽകികൊണ്ടുള്ള കത്ത് ലഭിച്ചതിനു ശേഷം കമ്മീഷനിൽ നേരിട്ട് ഹാജരാകുകയും തുടർന്ന് കമ്മീഷൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാന ത്തിൽ കിടത്തി ചികിത്സയിലുണ്ടായിരുന്ന രോഗികളുടെ പേര്, വയസ്സ് എന്നീ വിവരങ്ങൾ നൽകി യതായും അറിയിച്ചു.

6. അപ്പീൽ ഹർജിയും മറ്റ് അനുബന്ധ രേഖകളും പരിശോധിക്കുമ്പോൾ, ടിയാൻ ആവശ്യപ്പെട്ട വിവരം ലഭ്യമായിട്ടുണ്ട് എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ ഒന്നാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിന്റെയും നൽകിയ മൊഴിയുടെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി **ഇന്നേദിവസം 2020 ജനുവരി മാസം 14 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
ശ്രീലത. പി. ആർ.
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

RIGHT TO INFORMAT